LIBRARY ARCHIVES Kerala Legislative Assembly

വടകര വിദ്യാഭ്യാസ ജില്ലയിലെ പാഠപുസ്തക വിതരണം

15 (3761) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര വിദ്യാഭ്യാസ ജില്ലയിൽ എത്ര സ്കൂളുകളിൽ പാഠപുസ്തകങ്ങൾ വിതരണം ചെയ്യാനുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ജി.വി.എച്ച്.എസ്.എസ്. പയ്യോളിയിലെ എട്ടാം ക്ലാസിലെ പാഠപുസ്തകങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമല്ലാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പാഠപുസ്തകങ്ങൾ എന്നത്തേക്ക് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ ;

(ഡി) പാഠപുസ്തകങ്ങൾ എത്തിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ നടപടികൾ എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) പാഠപുസ്തകങ്ങളുടെ ആവശ്യകത സംബന്ധിച്ച് സ്കൂൾ അധികൃതർ നൽകിയ ഇൻഡന്റിലെ പിഴവുമൂലം വടകര ജില്ലയിലേതുൾപ്പെടെ ചില സ്കൂളുകൾക്ക് യഥാസമയം പുസ്തകം കിട്ടാതെ വന്നു. ഇപ്പോൾ ഇത് പരിഹരിച്ചു വരികയാണ്.

(ബി&സി) ഉണ്ട്. പാഠപുസ്തകങ്ങളുടെ ആവശ്യകത സംബന്ധിച്ച് പയ്യോളി ജി. വി. എച്ച്. എസ്. എസ്.-ൽ നിന്നും നൽകിയ ഇൻഡന്റിൽ 8-ാം ക്ലാസ്സിലെ പാഠപുസ്തകങ്ങൾ ഉൾപ്പെടുത്താതിരുന്നതിനാലാണ് പുസ്തകം ലഭിക്കാതിരുന്നത്. പ്രസ്തുത പുസ്തകങ്ങൾ ഇതിനോടകം വിതരണം ചെയ്തു കഴിഞ്ഞു.

(ഡി) ബോധപൂർവ്വം ഇക്കാര്യത്തിൽ വീഴ്ച വരുത്തിയതായി പരാതി ലഭിക്കുന്ന കേസ്സുകളിൽ നടപടി സ്വീകരിക്കുന്നതാണ്.

സ്കൂളുകളിലെ ഷിഫ്റ്റ് സമ്പ്രദായം

16 (3762) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കുന്ന എത്ര സർക്കാർ സ്കൂളുകൾ ഉണ്ട് ; വിശദാംശങ്ങൾ നൽകുമോ ;

(ബി) സ്കൂളുകളിൽ ഷിഫ്റ്റ് ഏർപ്പെടുത്തി പഠനം നടത്തേണ്ടി വരുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ ;